# കല്ലേറിന്റെ സുവിശേഷം

കെ. രാജേശ്വരി



കല്ലേറിന്റെ സുവിശേഷം

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Children Playing on the Beach, a painting by Mary Cassatt (1844–1926). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കല്ലേറിന്റെ സുവിശേഷം

“അധ്വാനിക്കുന്ന കർഷകനാണ് രാജ്യത്തെ ഏറ്റവും നല്ല പൗരൻ അവൻ തനിക്കും മറ്റുള്ളവർക്കും വേണ്ട ആഹാരം ഉൽപാദിപ്പിക്കുന്നു” എന്ന് അഭിപ്രായപ്പെട്ടത് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ കർത്താവും ഐക്യനാടുകളുടെ മൂന്നാമത്തെ പ്രസിഡന്റുമായിരുന്ന തോമസ് ജെഫേഴ്സൺ. ഉൽപനങ്ങൾക്ക് ന്യായമായ വിലകിട്ടാൻ ആദ്യമായി കർഷകർ സംഘടനകളുണ്ടാക്കിയതും രാഷ്ട്രീയ പാർട്ടികൾ രൂപവത്കരിച്ചതും ജെഫേഴസൺ സായ്പിന്റെ നാട്ടിൽത്തന്നെ.



തോമസ് ജെഫേഴ്സൺ

ആഭ്യന്തര യുദ്ധത്തിനും തെക്കൻ സംസ്ഥാനങ്ങളുടെ പുനർ നിർമാണത്തിനും ശേഷമുള്ള കാലഘട്ടം അമേരിക്കയിൽ വ്യവസായ കാർഷിക വിപ്ലവങ്ങളുടേതായിരുന്നു. വിശാലമായ പ്രയറിസമതലങ്ങളിൽ ഗോതമ്പും ചോളവും കൃഷി ചെയ്തു; കന്നുകാലി വളർത്തൽ വ്യാപകമായി 1860-ൽ ഉൽപാദിപ്പിച്ചതിന്റെ മൂന്നിരട്ടി ഗോതമ്പും ചോളവുമായിരുന്നു 1895-ൽ വിളഞ്ഞത്. ജലസേചന സൗകര്യങ്ങളുടെയും റെയിൽവേയുടെയും വ്യാപനം കാർഷിക പുരോഗതിയെ ത്വരിതപ്പെടുത്തി. എല്ലാ സംസ്ഥാനങ്ങളിലും കാർഷിക കോളേജുകളും കൃഷി ഗവേഷണ കേന്ദ്രങ്ങളുമുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ട് അവസാനിക്കുമ്പോഴും അമേരിക്കയിലെ പ്രധാന തൊഴിൽ കൃഷിയായിരുന്നു.

കാർഷികോൽപാദനം വർധിച്ചതനുസരിച്ച് ഉൽപന്നങ്ങളുടെ വിലയിടിഞ്ഞു. 1870–73 കാലയളവിൽ ഒരു ബുഷൽ ഗോതമ്പിന് ശരാശരി 106.7 സെന്റ് വിലകിട്ടിയിരുന്നെങ്കിൽ 1886–89ൽ 74.8 സെന്റും 1894–97ൽ 63.3 സെന്റുമായി കുറഞ്ഞു. ചോളത്തിന്റെയും പരുത്തിയുടെയും വിലയും കുത്തനെ ഇടിഞ്ഞു. ലോകവിപണിയിൽ കനേഡിയൻ, റഷ്യൻ, ആസ്ത്രേലിയൻ ഉൽപാദകരുമായി മൽസരിച്ച് ജയിക്കാൻ അമേരിക്കൻ കർഷകർക്ക് ത്രാണിയുണ്ടായിരുന്നില്ല. വരൾച്ച, മണൽക്കാറ്റ്, മണ്ണൊലിപ്പ്, വെട്ടുകിളി എന്നിവയെക്കൊണ്ടുണ്ടായ നാശം; ദുർവഹമായ കടത്തുകൂലി ചുമത്തിയ റെയിൽവേ കമ്പനികളും കൊള്ളപ്പലിശ ഈടാക്കിയ ധനകാര്യ സ്ഥാപനങ്ങളും—കർഷകരുടെ ജീവിതം ദുഃസഹമായി.



പി. ജെ. ജോസഫ്

പ്രക്ഷോഭമല്ലാതെ ഒരു മാർഗവും കൃഷിക്കാരുടെ മുന്നിലില്ലാതായി. മധ്യഅമേരിക്കയിൽ പേട്രൺസ് ഒഫ് ഹസ്ബൻഡറി (ഗ്രാഞ്ച്) എന്ന സംഘടനയും പശ്ചിമ തീരത്ത്. ഗ്രീൻബാക്ക് പാർട്ടിയുമായിരുന്നു കർഷക മുന്നേറ്റത്തെ നിയന്ത്രിച്ചതും നയിച്ചതും. സംസ്ഥാന നിയമസഭകളിലും കോൺഗ്രസിലും ഏതാനും അംഗങ്ങളെ നേടാൻ ഈ സംഘടനകൾക്കായി: കടത്തുകൂലി നിയന്ത്രിക്കാൻ ചില്ലറ നിയമനിർമാണങ്ങളും ഉണ്ടായി. പക്ഷേ, ദേശീയ രാഷ്ട്രീയത്തിന്റെ ചുക്കാൻ വൻകിട വ്യവസായികളുടെയും ബാങ്കുടമകളുടെയും ബലിഷ്ഠകരങ്ങളിൽ ത്തന്നെ അമർന്നിരുന്നു. കർഷകരുടെ കഷ്ടപ്പാടുകളോട് ഡമോക്രാറ്റ്, റിപ്പബ്ളിക്കൻ പാർട്ടികൾ ഒരുപോലെ അലംഭാവം പ്രകടിപ്പിച്ച സാഹചര്യത്തിൽ പോപ്പുലിസ്റ്റ് പാർട്ടി എന്നൊന്ന് ദേശീയ തലത്തിൽതന്നെ രൂപവത്കരിക്കപ്പെട്ടു. ബിഗ് ബിസിനസിനോടും റിപ്പബ്ലിക്കൻ പാർട്ടിയോടുമുള്ള അന്ധമായ എതിർപ്പായിരുന്നു പോപ്പുലിസത്തിന്റെ കാതൽ. എട്ടുമണിക്കൂർ ജോലി റെയിൽവേ ദേശസാത്കരണം, പോസ്റ്റ്ഓഫീസ് സേവിംഗ്സ് ബാങ്കുകൾ, പുത്തൻ ആദായ നികുതിനിയമം. സ്വതന്ത്രമായ വെള്ളിനാണയം... അങ്ങനെ പോയി അവരുടെ വാഗ്ദാനങ്ങൾ 1892-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പോപ്പുലിസ്റ്റ് സ്ഥാനാർഥി പത്തുലക്ഷം വോട്ടുപിടിച്ചു.


വില്യം ജെന്നിംഗ്സ് ബ്രയാൻ

1896 ആകുമ്പോഴേക്കും സ്ഥിതിഗതികൾ തീരെ വഷളായി. കടുത്ത സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി അഞ്ഞൂറോളം ബാങ്കുകൾ തകർന്നു. ദശലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. 1895-ൽ ഫെഡറൽ ഇൻകംടാക്സ് നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ട് സുപ്രിംകോടതി റദ്ദാക്കി. കുത്തകകൾക്കുമീതെ പരുന്തും പറക്കില്ല എന്ന് തെളിഞ്ഞു. 1896-ലെ തെരഞ്ഞെടുപ്പിൽ ഡെമൊക്രാറ്റ് കക്ഷി ഹെബ്രസ്കയിൽ നിന്നുള്ള വില്യംജെന്നിംഗ്സ് ബ്രയാനെ സ്ഥാനാർഥിയാക്കി. ദരിദ്രവർഗത്തോട് പ്രതിബദ്ധതയുള്ളയാളായിരുന്ന മുപ്പത്തിയാറുകാരനായ ബ്രയാൻ. പോപ്പുലിസ്റ്റ് പാർട്ടി ബ്രയാനെ പിന്താങ്ങി. മറുഭാഗത്ത് വ്യവസായികളും ഹുണ്ടികക്കാരും വില്യം മക്കെൻലിയെ പിന്തുണച്ചു. പണം പച്ചവെള്ളം പോലെ ഒഴുക്കി ബ്രയാനെതിരായ അപവാദ പ്രചാരണം മുൻനിരപത്രങ്ങൾ ഏറ്റെടുത്തു. കർഷകരുടെയും തൊഴിലാളികളുടെയും ഉറച്ച പിന്തുണയുണ്ടായിട്ടും ബ്രയാൻ വിജയിച്ചില്ല. 1900-ത്തിലും 1906-ലും ബ്രയാൻ പരാജയം ആവർത്തിച്ചു.


ഒരു നൂറ്റാണ്ടിനുശേഷം ഭൂഗോളത്തിന്റെ മറ്റേപ്പകുതിയിൽ ഹരിത-ധവള പതാകകളേന്തി കർഷകർ പ്രതിഷേധ റാലി നടത്തുന്നതുകണ്ട് വില്യം ജെന്നിംഗ്സ് ബ്രയാന്റെ ആത്മാവ് പുളകം കൊണ്ടിരിക്കണം സെപ്റ്റംബർ 23-അം തീയതി ചൊവ്വാഴ്ച പതിനായിരക്കണക്കിന് കർഷകരാണ് കോട്ടയത്ത് പ്രതിഷേധ പ്രകടനം നടത്തിയത്. ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ആയിരുന്നു സംഘാടകർ.


വില്യം മക്കെൻലി

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മിസൗറിയിലെയും നെബ്രാഡ്കയിലെയും കർഷകർ അനുഭവിച്ചതിലും എത്രയോ വലിയ യാതനയാണ് ഇപ്പോൾ കേരളത്തിലെ കൃഷിക്കാർ അനുഭവിക്കുന്നത്. റബറിനു വിലയില്ല. നാളികേരത്തിനു വിലയേയില്ല. നാളികേരത്തിന് വിലയേയില്ല. സുഗന്ധ ദ്രവ്യങ്ങൾക്ക് ആഗോള വിപണിയിൽ വിലയുണ്ട്. ആഭ്യന്തര വിപണിയിൽ വിലയില്ല. കർഷകർക്ക് കഷ്ടകാലം. കയറ്റുമതിക്കാർക്ക് കൊയ്ത്തു മെതിയും. കർഷകർക്ക് സംഘടനയില്ല. വോട്ടുബാങ്കുമില്ല. സംഭാവേന ബുജബുദ്ധികളായതുകൊണ്ട് പറഞ്ഞുപറ്റിക്കാനും എളുപ്പം. റബറിന്റെ വിലയിടിഞ്ഞത് കോൺഗ്രസിന്റെ കൊള്ളരുതായ്മകൊണ്ടാണെന്ന് മാർക്സിസ്റ്റുകാർ പറഞ്ഞപ്പോൾ രമേശ് ചെന്നിത്തലയെ തോൽപിച്ച് സുരേഷ് കുറുപ്പിനെ ജയിപ്പിച്ചു. പി. ജെ. ജോസഫിന്റെ പിടിപ്പില്ലായ്മ കൊണ്ടാണ് തേങ്ങക്ക് വിലയില്ലാത്തതെന്ന് മാണി സാറ് പറഞ്ഞപ്പോൾ ഔസേപ്പച്ചനെയും തോൽപിച്ചു.


രമേശ് ചെന്നിത്തല

ഭരണചക്രം ആരു തിരിച്ചാലും കാർഷികോൽപന്നങ്ങൾക്ക് വില കൂടില്ല എന്ന് ജനം തിരിച്ചറിയുമ്പോഴാണ് കത്തനാന്മാരുടെ വരവ്. പത്രോസ് ശ്ലീഹയുടെ റോളെടുത്തത് ഫാ. മാത്യു വടക്കേമുറി. മറ്റു ശിഷ്യന്മാരായവർ ഫാ. ആന്റണി കൊഴുവനാൽ, ഫാ. ഗ്രിഗറി ഓണകളം മുതൽ പേർ. മുക്കോളം മുങ്ങിയ കർഷകർ വടക്കേമുറിയെയല്ല ബാൽതാക്കറെയെവരെ സ്വീകരിക്കാവുന്ന അവസ്ഥയിലായതുകൊണ്ട് ഫാർമേഴ്സ് മൂവ്മെന്റ് പച്ചപിടിച്ചു.



സുരേഷ് കുറുപ്പ്

ഫാർമേഴ്സ് മൂവ്മെന്റും ഹരിത-ധവള പതാകകളുമായാൽ പിന്നെ എന്തു ചെയ്യാം? പ്രതിഷേധ പ്രകടനം, പൊതുസമ്മേളനം ഗംഭീരമായ പ്രമേയങ്ങൾ അങ്ങനെ പലതും തൊപ്പിപ്പാള ധാരികളായ കർഷകർ നാഗമ്പടത്തുനിന്ന് നഗരം ചുറ്റി തിരുനക്കര മൈതാനത്തെത്തി ആർച്ചുബിഷപ്പിന്റെ പ്രസംഗം കേട്ട് നിർവൃതിയടഞ്ഞു പിന്നെ വന്ന വാഹനങ്ങളിൽ കയറി സ്വദേശത്തേക്ക് മടങ്ങി. പ്രകടനത്തിനിടെ അസാരം കലാകായിക പ്രകടനങ്ങളുമുണ്ടായി. റബർ ബോർഡിനും മലയാള മനോരമക്കുമെതിരായ മുദ്രാവാക്യങ്ങൾ മുഴങ്ങി; രണ്ട് സ്ഥാപനങ്ങൾക്കുനേരെയും കല്ലേറുമുണ്ടായി.

റബർ ബോർഡിനുനേരെ നടന്ന കല്ലേറിനെ ജീവനക്കാരുടെ സംഘടന ശക്തമായി അപലപിച്ചു. ഇന്ത്യയിലെ റബർകൃഷി വികസിപ്പിക്കുന്നതിനായി അരനൂറ്റാണ്ടിലേറെയായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന റബർബോർഡിനെയും ജീവനക്കാരെയും കടന്നാക്രമിക്കാൻ ശ്രമിക്കുന്ന പ്രവർത്തശൈലി ഇൻഫാം പ്രവർത്തകർ ഉപേക്ഷിക്കുന്നതാണ് നല്ലതെന്ന് എംപ്ലോയീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി താക്കിത് ചെയ്തു.


മാണി

മനോരമയോ? കല്ലേറിൽ ചില്ല് ജാലകങ്ങളുടയുന്ന ശബ്ദം പത്രാധിപർ കേട്ടില്ല. പത്രം കത്തിക്കുന്ന കാഴ്ച ലേഖകരാരും കണ്ടതുമില്ല. “നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്ന വർക്കുവേണ്ടി പ്രാർഥിപ്പിൻ” എന്ന തിരുവചനം ഓർത്ത് കർഷകരോട് അപ്പോൾതന്നെ ക്ഷമിച്ചു. 24-ന് ഒന്നാംപേജിൽ വർണചിത്രം സഹിതം വാർത്തകൊടുക്കുകയും ചെയ്തു. “ഞാനോ നിങ്ങളോട് പറയുന്നത് ദുഷ്ടനോട് എതിർക്കരുത്; നിന്റെ വലത്തേ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്ക...”(മത്തായി 5:39–40).


ബാൽതാക്കറെ

ഒന്നാലോചിച്ചാൽ റബർ കർഷകരോട് എന്തുപാതകമാണ് മലയാളമനോരമ ചെയ്തത്? കണ്ടത്തിൽ വർഗീസുമാപ്പിളയുടെ കാലം മുതൽക്കിങ്ങോട്ട് എത്ര ഏക്കർ പത്രസ്ഥലമാണ്, എത്രടൺ അച്ചടിമഷിയാണ് റബർ കൃഷിക്കായി മനോരമ ചെലവിട്ടത്? ഡോ. സി. കെ. കരീം എഴുതിയ ‘മലയാളത്തിന്റെ മഹാവൃക്ഷം’ (തെറ്റിദ്ധരിക്കരുതേ, റബറല്ല, മനോരമയാണ് വൃക്ഷം) എന്ന ഗ്രന്ഥം വായിപ്പിൻ. “റബർ തോട്ടങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെയും അതിനാൽ ഉണ്ടാകുന്ന ലാഭത്തെയും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കാൻ മനോരമ അതിന്റെ മുഖപ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും കഠിനയത്നം നടത്തിയിട്ടുണ്ട് 1905 ഡിസംബർ 2-നും 1907 ഫെബ്രുവരി 17-നും വന്ന മുഖലേഖനങ്ങളിൽ റബർതോട്ടങ്ങൾക്കായി യൂറോപ്യൻ കമ്പനികൾ കാണിക്കുന്ന ആവേശത്തിന്റെ നേരിയ ഒരംശംപോലും നാട്ടുകാരിൽ ഇല്ലാത്തതിൽ ഖേദിക്കുകയും സ്വർണഖനികളേക്കാൾ ലാഭം റബറിൽ നിന്നുണ്ടാകുന്നതാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു... മലയാള മനോരമ നിരന്തരം നടത്തിയ ഈ പ്രവർത്തനങ്ങളുടെ ഫലമായി 1910-ൽ മലങ്കര റബർ ആന്റ് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപം കൊണ്ടു. അതായിരുന്നു കേരളീയരുടേതായ ആദ്യത്തെ റബർ കമ്പനി.”


കണ്ടത്തിൽ വർഗീസുമാപ്പിള


മലയാളിയുടേതായ ആദ്യത്തെ ടയർ കമ്പനിയും കണ്ടത്തിൽ കുടുംബക്കാരുടേതായത് തികച്ചും സ്വാഭാവികം. അതാണ് മലനാട്ടിലും മറുനാട്ടിലും പേരുകേട്ട മദ്രാസ് റബർ ഫാക്ടറി എം. ആർ. എഫ്. ടയറുകൾ ആഭ്യന്തര വിപണി കീഴടക്കി, വിദേശത്തും കുതിക്കുകതന്നെയാണ്.

ടയർ വ്യവസായികളുടെ കുത്തിത്തിരിപ്പ് കൊണ്ടാണ് റബറിന് വിലയിടിയുന്നതെന്നാണ് ദീപികയും മാതൃഭൂമിയും പ്രചരിപ്പിക്കുന്നത്. “ടയർ കമ്പനികൾ അഞ്ചുകൊല്ലം മുമ്പ് അവരുടെ ഉൽപനങ്ങൾക്ക് വിലകൂട്ടി. റബറിന് 65 രൂപ വിലയുള്ള കാലമായിരുന്നു അത് . ഉൽപാദന ചെലവിന്റെ പകുതിയിലധികം അസംസ്കൃത വസ്തുവിന്റെ വിലയാണെന്നാണ് അതിനവർ പറഞ്ഞ ന്യായം. ഇന്ന് റബർ വില മുന്നിലൊന്നാളുമായി കുറഞ്ഞിരിക്കുകയാണ് ടയറിന്റെ വില അൽപംപോലും കുറച്ചിട്ടില്ലെന്ന് മാത്രമല്ല. ചില ഇനങ്ങൾക്ക് വില കൂടിയിട്ടുമുണ്ട്. ആഭ്യന്തര വിപണിയിൽ വില അൽപമൊന്ന് മെച്ചപ്പെട്ടാൽ അതിടിക്കാൻ റബർ ഇറക്കുമതി ചെയ്യുകയെന്ന തന്ത്രവും വ്യവസായികൾ പ്രയോഗിക്കുന്നുണ്ട്. ഉൽപാദനം കുറയുന്നമഴക്കാലത്ത് ലൈസൻസ് നേടും; കൂടുന്ന കാലത്ത് അതുപയോഗിച്ച് ഇറക്കുമതി നടത്തുകയും ചെയ്യും. ആഭ്യന്തര വിപണിയിൽ നിന്ന് കുറഞ്ഞ വിലയ്ക്കു റബർ വൻതോതിൽ വാങ്ങിക്കൂട്ടാനുള്ള തന്ത്രമാണിത്...” മാതൃഭൂമി കുറ്റപ്പെടുത്തുന്നു, “വ്യവസായികൾ അഹന്തയോടെ നടത്തുന്ന ചൂഷണം അവസാനിപ്പിക്കാൻ ഇറക്കുമതി കർശനമായും വിലക്കിയേ മതിയാകൂ. അതിനാണ് കേന്ദ്രസർക്കാർ ഇറക്കുമതിച്ചുങ്കം 75 ശതമാനമായി ഉയർത്തേണ്ടത്”—ദീപിക ധർമരോഷം കൊള്ളുന്നു.


ഡോ. സി. കെ. കരീം

ഇൻഫാമിന്റെ സെക്രട്ടറി കടുത്ത അന്ത്യോഖ്യാ ഭക്തനും അക്കാരണം കൊണ്ടുതന്നെ മനോരമ വിരുദ്ധനുമാകുന്നു. മോശയുടെ കാലത്ത് മനോരമ ഉണ്ടായിരുന്നെങ്കിൽ ദൈവം പതിനൊന്നു കൽപനകൾ നൽകുമായിരുന്നു എന്ന് പ്രസംഗിച്ചത് ഇദ്ദേഹമാണ് പതിനൊന്നാം കൽപന—“മനോരമ വായിക്കരുത്” എന്നായിരിക്കും!

കർഷകരെയും പുരോഹിതരെയും തിരുനക്കര മൈതാനത്തുവിട്ട് നമുക്ക് ഐക്യനാടുകളിലേക്ക് മടങ്ങാം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും കർഷകരുടെ നില പരിതാപകരമായി തുടർന്നു. ഒന്നാം ലോക യുദ്ധത്തിനുശേഷം അമേരിക്കയിലുണ്ടായ സാമ്പത്തികാഭിവൃദ്ധി കൃഷിക്കാർക്ക് അനുഭവവേദ്യമായില്ല. 1928-ൽ ആരംഭിച്ച സാമ്പത്തിക മാന്ദ്യമാകട്ടെ അവരെ തകർക്കുകയും ചെയ്തു. ദുരിതത്തിന്റെ പരമകാഷ്ഠയിലാണ് 1932-ലെ തെരഞ്ഞെടുപ്പ് നടന്നതും ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റ് അധികാരമേറ്റതും.



ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റ്

കാർഷികോൽപന്നങ്ങളുടെ വിദേശ വിപണി തീരെ ഇല്ലാതായിരിക്കുന്ന സാഹചര്യത്തിൽ ഉൽപാദനം കുറക്കുകയല്ലാതെ കർഷകർക്ക് ന്യായവില കിട്ടാൻ ഒരു മാർഗവുമില്ലെന്ന് റൂസ്‌വെൽറ്റ് കണ്ടു. 1933-ൽ ഫാർമേഴ്സ് റിലീഫ് ആക്ട് പാസായി; അഗ്രികൾച്ചറൽ അഡ്ജസ്റ്റ്മെന്റ് അഡ്മിനിസ്ട്രേഷൻ നിലവിൽ വന്നു. കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് കുറക്കുന്നവർക്കും വളർത്തുമൃഗങ്ങളുടെ എണ്ണം കുറവ് ചെയ്യുന്നവർക്കും സർക്കാർ നഷ്ടപരിഹാരം നൽകി. അതിനുള്ള പണം പ്രോസസിംഗ് ടാക്സ് പിരിവിലൂടെ കണ്ടെത്തി. തുണിനെയ്ത്തുകാരിൽനിന്ന് പിരിച്ച നികുതി പരുത്തി കർഷകർക്കും ധാന്യമില്ലുകളിൽ നിന്നുള്ള നികുതി ഗോതമ്പു കൃഷിക്കാർക്കും വീതിച്ചുകൊടുത്തു. ഉൽപാദനം കുറഞ്ഞുമുറക്ക് വിലകൂടി 1934-ലും 36-ലും വരൾച്ചമൂലം കാർഷികോൽപാദനം സ്വാഭാവികമായിത്തന്നെ കുറഞ്ഞു.


അൽഫ് ലാൻഡൻ

കുത്തകകൾ അടങ്ങിയിരുന്നില്ല. അഗ്രികൾച്ചറൽ അഡ്ജസ്റ്റ്മെന്റ് അഡ്മിനിസ്ട്രേഷനും പ്രോസസിംഗ് ടാക്സും ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രിംകോടതി വിധിച്ചു. പിന്തിരിപ്പന്മാരായ ജഡ്ജിമാരെ പുകച്ചുപുറത്താക്കാനായി റൂസ്‌വെൽറ്റിന്റെ ശ്രമം. “ജുഡിഷ്യറിയിൽനിന്ന് രാജ്യത്തെയും ജുഡിഷറിയെത്തന്നെയും രക്ഷിക്കേണ്ടിയിരിക്കുന്നു.” എന്നായി പ്രസിഡന്റ് വലിയ പുകിലായി ഒടുവിൽ സുപ്രിംകോടതി വഴങ്ങി ന്യൂഡീൽ നിയമനിർമാണങ്ങൾ സാധുവാണെന്ന് വിധികളുണ്ടായി പ്രോസസിംഗ് ടാക്സിന്റെ അതേ മാതൃകയിൽ സോയിൽ കൺസർവേഷൻ ആക്ട് ഉണ്ടാക്കി മണ്ണൊലിപ്പ് തടയാൻ വേണ്ടി നികുതി പിരിച്ചു: അതിന്റെ വിഹിതം കർഷകർക്ക് നൽകുകയും ചെയ്തു.

18-നും 25-നുമിടക്ക് പ്രായമുള്ള തൊഴിൽരഹിതരെ ചേർത്ത് സിവിലിയൻ കൺസർവേഷൻ കോർ രൂപവത്കരിച്ചു. അവർക്ക് വനവത്കരണം കാട്ടുതീ നിയന്ത്രണം, മണ്ണൊലിപ്പ് നിവാരണം എന്നിവയിലൊക്കെ പരിശീലനം നൽകി വനവത്കരണത്തിലൂടെ മണ്ണൊലിപ്പും പൊടിക്കാറ്റും ഫലപ്രദമായി തടഞ്ഞു. 1932-നും 1937-നുമിടക്ക് കൃഷിക്കാരുടെ മൊത്തവരുമാനം ഇരട്ടിച്ചു.


ആൽബർട്ട് ഐൻസ്റ്റിൻ

1933-ൽ സ്ഥാപിക്കപ്പെട്ട ടെന്നസി വാലി അതോറിറ്റി ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റിന്റെ രാജ്യതന്ത്രജ്ഞതയുടെ ശാശ്വത സ്മാരകമായി പരിലസിക്കുന്നു. ടെന്നസി നദിയിൽ അണക്കെട്ടുകളുണ്ടാക്കി വെള്ളപ്പൊക്കം നിയന്ത്രിച്ചു. കർഷകർക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കി ടെന്നസി തടത്തിലെ ഏഴ് സംസ്ഥാനങ്ങളിലെ ജലസേചനം സുഗമമായി പുതിയവളം നിർമാണ ശാലകൾ സ്ഥാപിച്ചു: മണ്ണൊലിപ്പ് തടയാൻ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു: നദിയിൽ കപ്പൽച്ചാലുകളുണ്ടാക്കി.

ഏതാണ്ടിതേ കാലത്തുതന്നെ ട്രേഡ് യൂണിയനുകൾ നിയമവിധേയമാക്കി തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിയന്ത്രിച്ചുകൊണ്ടും നിയമനിർമാണങ്ങളുണ്ടായി തൊഴിലില്ലായ്മ പരിഹരിക്കാനും ഋണബാധ്യത ലഘൂകരിക്കാനും സർക്കാർ നടപടിയെടുത്തു.


എ. കെ. ആന്റണി

റിപ്പബ്ലിക്കൻ പാർട്ടിയും യാഥാസ്ഥിതിക പത്രങ്ങളും മാത്രമല്ല ഡെമോക്രാറ്റ് പാർട്ടിയിലെ തന്നെ ഒരു പ്രബല വിഭാഗവും റൂസ്‌വെൽറ്റിനെ നിരന്തരമായി എതിർത്തു. 1936-ലെ തെരഞ്ഞെടുപ്പിൽ കൻസാസ് ഗവർണർ അൽഫ് ലാൻഡൻ റൂസ്‌വെൽറ്റിനെതിരെ രംഗത്തുവന്നു. വ്യവസായികളും പത്രമുടമകളും ലാൻഡനുവേണ്ടി അവിശ്രമം പ്രവർത്തിച്ചു. എന്നിട്ടും റൂസ്വെൽറ്റ് വിജയിച്ചു. അന്നുണ്ടായിരുന്ന 48 സംസ്ഥാനങ്ങളിൽ 46-ഉം അദ്ദേഹം നേടി.

ഒരു വർഷത്തിലേറെ നീണ്ട തെരച്ചിലിനുശേഷം ടൈം മാഗസീൻ ഇരുപതാംനൂറ്റാണ്ടിലെ വ്യക്തിയായി തെരഞ്ഞെടുത്തത് ആൽബർട്ട് ഐൻസ്റ്റിനെയായിരുന്നു തൊട്ടുപിന്നിലെത്തിയവർ മോഹൻദാസ് ഗാന്ധി ഫ്രാങ്കളിൻ റൂസ്‌വെൽറ്റ്.


ഗൗരിയമ്മ

ഓരോ ജനതക്കും അവരർഹിക്കുന്ന നേതാക്കളെ കിട്ടുമെന്ന് പറഞ്ഞത് ആരാണാവോ? ഏതായാലും ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റല്ല എ. കെ. ആന്റണിയാണിവിടെ മുഖ്യമന്ത്രി കൃഷിയും മൃഗസംരക്ഷണവും ഗൗരിയമ്മ വളത്തിന്റെയും കീടനാശിനികളുടെയും വിലയും തൊഴിലാളി സഖാക്കളുടെ കൂലിയും കൂടിക്കൊണ്ടേയിരിക്കുന്നു. വൈദ്യുതി ചാർജ്ജ് വാനത്തോളം ഉയർന്നിട്ടുണ്ട്. കാർഷികോൽപന്നങ്ങളുടെ വിലമാത്രം കീഴ്ക്കാം തൂക്കായി താഴോട്ട്. കടബാധ്യത മൂലം ജീവനൊടുക്കുന്ന കർഷകരുടെ കദനകഥ പത്രത്താളുകൾ നിറക്കുന്നു ഒരാൾ മരിച്ചാൽ ഒരു ശവത്തുക്കം വാർത്ത.

□

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൌണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014